# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഒക്ടോബർ 18**

---

## ധ്രുവ മേഖലകളുടെ സംരക്ഷണം; രാജ്യാന്തര സമ്മേളനം എം.ജി. സർവകലാശാലയിൽ

ധ്രുവ മേഖലകളുടെ സംരക്ഷണവും സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര സമ്മേളനം ഒക്ടോബർ 26 ന് ആരംഭിക്കും. യുവ ശാസ്ത്രജ്ഞൻമാർ, ഗവേഷകർ, സർക്കാർ പ്രതിനിധികൾ തുടങ്ങിയവർ ഈ രംഗത്തെ നൂതന ഗവേഷണ സാധ്യതകൾ ചർച്ച ചെയ്യും.

പോളാർ സയൻസ്, ഭൗമരാഷ്ട്രതന്ത്രം, കാലാവസ്ഥാവ്യതിയാനം തുടങ്ങിയ മേഖലകളിൽ സംയുക്ത സംരംഭങ്ങൾക്കുള്ള സാധ്യത ആരായുന്ന സമ്മേളനത്തിൽ വിവിധ ശാസ്ത്ര ശാഖകളിൽനിന്നുള്ളവർ പങ്കെടുക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ് ഓഡിറ്റോറിയത്തിൽ 26ന് രാവിലെ 10ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പരിപാടി ഉദ്ഘാടനം ചെയ്യും.

ഭൗമശാസ്ത്ര മന്ത്രാലയ സെക്രട്ടറി ഡോ. എം. രവിചന്ദ്രൻ, നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് (എൻ.സി.പി.ഒ.ആർ)ഡയറക്ടർ ഡോ. തമ്പൻ മേലോത്ത്, പ്രഫ. നുട്ട് റിയോ(ബെർഗൻ സർവകലാശാല), പ്രഫ. ഗ്രോ ബ്രൈറ്റ് വീൻ(ഓസ് ലോ സർവകലാശാല), പ്രഫ. റൊണാൾഡ് കലെൻബോൺ(നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് ലൈഫ് സയൻസസ്), പ്രഫ. ക്രിസപിൻ ഹൽസാൽ(ലങ്കാസ്റ്റർ സർവകലാശാല), പ്രഫ. ക്രിസ്ത്യൻ സോണെ(ആഹസ് സർവകലാശാല), പ്രഫ. കെ.എം. സീതി(മഹാത്മാ ഗാന്ധി സർവകലാശാല), ഡോ. രാഹുൽ മോഹൻ(എൻ.സി.പി.ഒ.ആർ) തുടങ്ങിയവർ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/1248/2023)

## പരീക്ഷാ കേന്ദ്രം

ഒക്ടോബർ 31 ന് ആരംഭിക്കുന്ന ബി.കോം സ്പെഷ്യൽ മെഴ്സി ചാൻസ്(ആനുവൽ സ്കീം–1998 മുതൽ 2008 വരെ അഡ്മിഷനുകൾ റഗുലർ, 1998 മുതൽ 2011 വരെ അഡ്മിഷനുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ, 1992 മുതൽ 1997 വരെ അഡ്മിഷനുകറ്റ–ആനുവൽ സ്കീം) പരീക്ഷകൾക്ക് പരീക്ഷാ കേന്ദ്രം അനുവദിച്ചു. വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ.
അനുവദിക്കപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽനിന്നും ഹാൾ ടിക്കറ്റുകൾ വാങ്ങി വിദ്യാർഥികൾ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/1249/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ഫൈറ്റോ മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി(സി.എസ്.എസ് – 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി – ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 27ന് നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

............................

രണ്ടാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ്–സ്റ്റാറ്റിസ്റ്റിക്സ്(പുതിയ സ്കീം – 2021,2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും – ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ഒക്ടോബർ 20) മാല്യങ്കര എസ്.എൻ.എം. കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

...........................

രണ്ടാം സെമസ്റ്റർ എം.എ(സി.എസ്.എസ് – 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷൻ സപ്ലിമെൻററി – ജൂലൈ 2023) പരീക്ഷയുടെ മ്യൂസിക് വോക്കൽ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 30 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും.

(പി.ആർ.ഒ/39/1250/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ റീഅപ്പിയറൻസ് – ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബി.കോം(സി.ബി.സി.എസ് – 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

നാലാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി(റഗുലർ, സപ്ലിമെൻററി – ജൂൺ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ രണ്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...........................

മൂന്നും നാലും സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ എം.എ സോഷ്യോളജി(20142015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016,2017,2018 അഡ്മിഷൻ സപ്ലിമെൻററി – മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ 2015 മുതൽ 2018 അഡ്മിഷൻ വരെയുള്ള വിദ്യാർഥികൾ നിശ്ചിത ഫീസ് അടച്ച് ഓൺലൈനായും 2014 അഡ്മിഷൻ വിദ്യാർഥികൾ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ നേരിട്ടും സമർപ്പിക്കണം. അവസാന തീയതി നവംബർ ഒന്ന്.

...........................

ബി.എ(19982008 അഡ്മിഷൻ റഗുലർ, 1998–2011 അഡ്മിഷൻ പ്രൈവറ്റ്) അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് ആനുവൽ സ്കീം പാർട്ട് 3 സബ്സിഡിയറി നവംബർ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...........................

നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(20162018 അഡ്മിഷൻ സപ്ലിമെൻററി, 2012–2015 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ ഒന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1251/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**